SUNDAY 20/04/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/04/2025

1. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കോഴിക്കുഞ്ഞുങ്ങളുടെ (ബിവി 380 165 രൂപ) വിൽപ്പനയ്ക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗ് സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

2. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (Trichoderma coirpith cake) കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. പാർസൽ ആയും എത്തിച്ചു നൽകുന്നതാണ്. ആവശ്യമുള്ളവർ 8547675124 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"Soil Health Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത താല്പര്യമുള്ളവർ **www.celkau.in** എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 മെയ് 6**കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 മെയ്** 7. കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256 എന്നീ ഫോണ് നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. റബ്ബർബോർഡ് കഴിഞ്ഞ സാമ്പത്തികവർഷം നടപ്പാക്കിയ പദ്ധതികൾ 2025-2026 സാമ്പത്തികവർഷത്തിലും തുടരും. പുതുക്ക്യഷി / ആവർത്തനക്ക്യഷി, റെയിൻഗാർഡിങ്, സ്പ്രേയിങ്, ഗ്രൂപ്പ് പ്രോസസ്സിംഗ് സെന്ററുകളുടെ നവീകരണം, മലിനജല സംസ്കരണ പ്ലാന്റുകൾ, പ്രോസസ്സിങ് സെന്ററുകൾക്ക് അധിക പുകപ്പുര, വിവിധ പരിശീലനപരിപാടികൾ തുടങ്ങിയവയാണ് പദ്ധതികൾ. പദ്ധതി നിബന്ധനകളും വ്യവസ്ഥകളും 2024-25 വർഷത്തിലേതു തന്നെയായിരിക്കും. കർഷകർ, റബ്ബറുത്പാദകസംഘങ്ങൾ, തുടങ്ങിയവർ പദ്ധതി ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. 'സർവീസ് പ്ലസ്' പോർട്ടലിൽ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി യഥാസമയം അറിയിക്കുന്നതാണ്.

5. റബ്ബർബോർഡ് പൊതുജനങ്ങളുടെ സഹകരണത്തോടെയും അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ടും യന്ത്രവത്ക്യത ടാപ്പിങ് പ്രായോഗികമാക്കാൻ ശ്രമിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഫലപ്രദമായ ആശയങ്ങളോ പദ്ധതികളോ പങ്കുവെയ്ക്കാൻ താൽപര്യമുള്ളവർക്ക് തങ്ങളുടെ ആശയങ്ങൾ മുദ്രവച്ച കവറിൽ അടക്കംചെയ്ത് 2025 മെയ് 5ാം തീയതിക്കകം കിട്ടത്തക്കവിധത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി. ഒ., കോട്ടയം- 686009 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്. റബ്ബർമേഖലയിലെ ഒരു വിദഗ്ധസംഘം ആശയങ്ങൾ വിലയിരുത്തുന്നതും തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ സമർപിച്ചവർക്ക് അത് വികസിപ്പിച്ചെടുക്കേണ്ടതിലേക്കായി 10 ലക്ഷം രൂപയുടെ സാമ്പത്തികസഹായം നൽകുന്നതുമാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### കാർഷിക നിർദ്ദേശം

6. കനത്ത മഴ ലഭിക്കുന്നതും മണൽ മണ്ണുള്ളതുമായ പ്രദേശങ്ങളിൽ പൊട്ടാസ്യം വളങ്ങൾ പല തവണകളായി നൽകുന്നത് പൊട്ടാസ്യം നഷ്ടം കുറയ്ക്കുവാൻ സഹായിക്കും. കളിമണ്ണ് കൂടുതലുള്ള സ്ഥലങ്ങളിൽ മുഴുവൻ പൊട്ടാസ്യവും അടിവളമായി നൽകാം. പുളിരസമുള്ള മണ്ണിൽ കുമ്മായം ഇട്ട് നിർവീര്യമാക്കിയതിനു ശേഷമേ പൊട്ടാസ്യം വളങ്ങൾ പ്രയോഗിക്കാവൂ. മണ്ണിലെ പൊട്ടാഷ് മൂല്യം നിലനിർത്തുന്നത് വൈക്കോൽ മണ്ണിൽ കൂട്ടിക്കലർത്തുന്നത് കൊണ്ടാണ്.വൈക്കോൽ കലർത്തിയിട്ടും മണ്ണിൽ പൊട്ടാസ്യം അളവ് കുറവാണെങ്കിൽ ഒരു ഹെക്ടറിന് 15 കി.ഗ്രാം K2O ചേർക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം